# കോവിഡ് നിയന്ത്രണം : ഓൺലൈൻ മീറ്റിംഗ് നടത്തി

കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി റസിഡൻസ് അസോസിയേഷനുകൾ വ്യാപാര സമൂഹം എന്നിവരുമായി റൂറൽ പോലിസ് കൂടിക്കാഴ്ച നടത്തി. ജില്ലാ പോലിസ് മേധാവി കെ.കാർത്തിക്കിന്റെ നിർദ്ദേശപ്രകാരം ഓൺലൈൻ വഴിയായിരുന്നു കൂടിക്കാഴ്ച. കോവിഡിനെ പ്രതിരോധിക്കാൻ ഏർപ്പെടുത്തേണ്ട സംവിധാനങ്ങൾ മീറ്റിംഗിൽ ചർച്ച ചെയ്തു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുവേണം കടകൾ പ്രവർത്തിക്കാനെന്നും, ആൾക്കൂട്ടം പാടില്ലെന്നും പോലീസ് നിർദ്ദേശം നൽകി. വ്യാപാരികളും ഇതുസംബന്ധിച്ച് അഭിപ്രായങ്ങൾ രേഖപ്പെടുത്തി. റസിഡൻസ് അസോസിയേഷനുകൾ വഴി ചെയ്യേണ്ട കാര്യങ്ങളും മീറ്റ് ചർച്ച ചെയ്തു. പോലീസിനൊപ്പം കോവിഡിനെ തുരത്താൻ ഒരുമിക്കാമെന്ന് തീരുമാനിച്ചു. അഞ്ച് സബ്ഡിവിഷനുകളിലും ഇതു സംബന്ധിച്ച മീറ്റിംഗ് സംഘടിപ്പിച്ചു. റൂറൽ ജില്ലയിൽ നിയന്ത്രണങ്ങൾ കടുപ്പിച്ച് പോലിസ് പരിശോധന തുടരുകയാണ്. ജില്ലാ പോലിസ് മേധാവിയുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡുകൾ പരിശോധന നടത്തുന്നുണ്ട്. വാഹനങ്ങളിൽ ബോധവൽക്കരണ അനൗൺസ്മെൻറും പോലീസ് ചെയ്യുന്നുണ്ട്. കോവിഡ് നിയന്ത്രണങ്ങൾ ലംഘിച്ചതിന് കഴിഞ്ഞ ദിവസം 92 കേസുകൾ രജിസ്റ്റർ ചെയ്തു. 26 പേരെ അറസ്റ്റ് ചെയ്തു. മാസ്ക്ക് ധരിക്കാത്തതിന് 3306 പേർക്കെതിരെയും സാമുഹ്യ അകലം പാലിക്കാത്തതിന് 3075 പേർക്കെതിരെയും നടപടി സ്വീകരിച്ചു.